പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 230        19/12/2012-ൽ മറുപടിക്ക്.

### ക്ഷേമ പെൻഷനുകളും ആനുകൂല്യങ്ങളും ബാങ്കുകൾ വഴി നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിലാളികൾക്കുള്ള എല്ലാ ക്ഷേമ പെൻഷനുകളും ആനുകൂല്യങ്ങളും ബാങ്കുകൾ വഴി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2013 ഏപ്രിൽ മാസത്തോടെ ബാങ്ക് വഴി വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനായി എല്ലാ ക്ഷേമനിധി അംഗങ്ങൾക്കും യു.ഐ.ഡി. നമ്പർ നൽകുന്നതിനും അംഗത്വകാർഡ് നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) എന്നു മുതലാണ് ഇപ്രകാരം നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) 01/04/2013 മുതലാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ക്ഷേമനിധി അംഗങ്ങളുടെ അംഗത്വവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |
| (സി) ബാങ്കുകളുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പോസ്റ്റാഫീസുകൾ വഴി ഇവ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ; | (സി) ബാങ്കുകളുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ? | (ഡി) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായിട്ടുള്ള ഗുണഭോക്താക്കൾക്ക് നൽകുന്ന ആനുകൂല്യങ്ങളും ബോർഡിലേയ്ക്ക് ഉടമകളും ഗുണഭോക്താക്കളും അടയ്ക്കുന്ന അംശദായവും ഓൺലൈൻ സംവിധാനത്തിലൂടെ അടയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി പോസ്റ്റാഫീസുകൾ, അക്ഷയ സെന്റർ എന്നിവയുടെ സൗകര്യങ്ങൾ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ